II ഇ.ബി. XV- കേരള നിയമസഭ/IX-3

# പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2023 ആഗസ്റ്റ് 10, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

10 (*61) പുനർഗേഹം പദ്ധതി

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ ഭവനമൊരുക്കി പുനരധിവസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന 'പുനർഗേഹം' പദ്ധതി പ്രകാരം 390 ഫ്ലാറ്റുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ടെന്നും ഇതിനായി 343.63 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കാൻ സന്നദ്ധത അറിയിച്ച 8743 കുടുംബങ്ങൾക്ക് സ്വന്തം

നിലയിൽ 2 മുതൽ 3 സെന്റ് വരെ ഭൂമി കണ്ടെത്തി വീടോ, ഫ്ലാറ്റോ നിർമ്മിക്കുന്നതിന് പരമാവധി 10 ലക്ഷം രൂപ സർക്കാർ ധനസഹായം നല്കുന്നതാണ്. ജില്ലാ കളക്ടർ ചെയർമാനും ജനപ്രതിനിധികൾ അംഗങ്ങളുമായ സുതാര്യ സംവിധാനത്തിലൂടെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതെന്നും അപ്പീൽ അപേക്ഷകൾ ഉൾപ്പെടെ 21220 പേരാണ് ഗുണഭോക്തൃ പട്ടികയിലുള്ളതെന്നും മന്ത്രി വ്യക്തമാക്കി. പ്രസ്തുത പദ്ധതിക്കായി 115 ഏക്കർ ഭൂമി കണ്ടെത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും 19.71 ഏക്കർ സർക്കാർ ഭൂമി ലഭ്യമാക്കുകയും 76.92 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. സുരക്ഷിത മേഖലയിൽ സ്വന്തമായി ഭൂമിയുള്ളവർക്ക് ഭവനനിർമ്മാണത്തിന് 4 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. പദ്ധതി നിർവ്വഹണത്തിന് വിഴിഞ്ഞം പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മാലിന്യനിർമ്മാർജ്ജനത്തിനുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയാണ് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതെന്നും മുട്ടത്തറയിലെയും മണ്ണുപുറത്തെയും ഫ്ലാറ്റ് സമുച്ചയങ്ങളുടെയും നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഇരട്ടവീടുകൾ ഒറ്റവീടുകളാക്കുന്നതിനുള്ള പ്രോജക്ട്

തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിവരികയാണ്. മുതലപ്പൊഴി തുറമുഖം അപകടവിമുക്തമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അപകടങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താനായി നിയോഗിച്ച പൂനെയിലെ സി.ഡബ്ല്യു.പി.ആർ.എസ്.-ന്റെ റിപ്പോർട്ട് ലഭ്യമായാലുടൻ തുടർനടപടി സ്വീകരിക്കുമെന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളുടെ സംരക്ഷണം ഏറ്റെടുക്കുമെന്നും തീരദേശ പരിപാലന വിജ്ഞാപനം സംബന്ധിച്ച് പബ്ലിക് ഹിയറിംഗുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിർമ്മിച്ചിട്ടുള്ള സുനാമി പുനരധിവാസ ഫ്ലാറ്റ് സമുച്ചയങ്ങൾ നവീകരിച്ച് മത്സ്യത്തൊഴിലാളികൾക്ക് കൈമാറുന്നത് സംബന്ധിച്ച് കൂടിയാലോചന നടത്തി അടുത്ത സഭാ സമ്മേളനത്തിനുമുമ്പ് തീരുമാനമെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി വ്യക്തമാക്കി.

11 (*62) <u>പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പ്രോത്സാഹനം</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ

മറുപടിയിൽ, വിദ്യാഭ്യാസത്തിലൂടെ സാമൂഹിക മുന്നേറ്റം കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ വിദ്യാഭ്യാസ പദ്ധതികളും സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം, നൈപുണ്യ വികസന പരിശീലനം എന്നിവയും നടപ്പാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പൊതു പരീക്ഷകളിൽ മികവാർന്ന വിജയം കരസ്ഥമാക്കിയ പട്ടികജാതി വിദ്യാർത്ഥികളിൽനിന്ന് 2022-23 അധ്യയന വർഷം ലഭിച്ച അപേക്ഷകളിന്മേൽ അർഹമായ സ്കോളർഷിപ്പ് വിതരണം ചെയ്യുകയും ഈ അധ്യയന വർഷം ലഭിച്ച അപേക്ഷകളിന്മേലുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. വിദ്യാഭ്യാസാനുകൂല്യ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവിറക്കുകയും മുൻകൂട്ടി ഫീസ് അടയ്ക്കാതെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനായി ഫ്രീഷിപ്പ് കാർഡുകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 'ഗോത്രസാരഥി' പദ്ധതിയിലെ ഡ്രൈവർമാരുടെ വേതന കുടിശ്ശിക അനുവദിക്കുന്നതും 'വിദ്യാവാഹിനി' എന്ന് പുനർനാമകരണം ചെയ്ത പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതുമാണ്. കേന്ദ്രസർക്കാർ നിർത്തലാക്കിയ ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ന്യൂനപക്ഷ പ്രീമെട്രിക് സ്കോളർഷിപ്പ് പുന:സ്ഥാപിക്കുന്നതിന് നടപടി

സ്വീകരിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ ഇത് ആരംഭിക്കുമെന്നും പ്രീമെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുമെന്നും പാലക്കാട് മെഡിക്കൽ കോളേജിലെ അധ്യാപകരുടെ കുറവ് പരിഹരിക്കുമെന്നും മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. അംബേദ്കർ ഗ്രാമം പദ്ധതി നിർവ്വഹണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് ആലോചിക്കുമെന്നും 18.5 കോടി രൂപ ചെലവഴിച്ച് ഇടമലക്കുടിയിലേയ്ക്കുള്ള റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

12 (*63) <u>ട്രേസ് പദ്ധതി</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് പരിശീലനവും പിന്തുണയും ഉറപ്പാക്കി ഓണറേറിയം വ്യവസ്ഥയിൽ വിവിധ വകുപ്പുകൾക്കുകീഴിൽ രണ്ടുവർഷത്തേയ്ക്ക് നിയമനം നൽകുന്നതിനായി

ആവിഷ്കരിച്ച ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) പദ്ധതിയിലൂടെ 500 അക്രഡിറ്റഡ് എഞ്ചിനീയർമാരെയും 114 സോഷ്യൽ വർക്കർമാരെയും 380 അപ്രന്റീസ് ക്ലർക്കുമാരെയും 87 ലീഗൽ അസിസ്റ്റന്റുമാരെയും 140 മാനേജ്മെന്റ് ട്രെയിനീസിനെയും 49 സ്റ്റുഡന്റ്സ് കൗൺസിലർമാരെയും 326 മെന്റർ ടീച്ചർമാരെയും നിയമിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ട്രേസ് പദ്ധതി വിപുലീകരിക്കുന്നതാണ്. യുവതീയുവാക്കളെ തൊഴിൽസംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിന് എംപവർമെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾക്കുകീഴിലുള്ള ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിവിധ വകുപ്പുകളിലെ എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ പ്രാതിനിധ്യ കുറവ് പരിഹരിക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

13 (*64) <u>പുനർഗേഹം പദ്ധതിയിൽ ഭേദഗതി</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, തീരദേശത്ത് താമസിക്കുന്നവർക്ക് ഭൂമി സ്വന്തം പേരിൽ നിലനിർത്തി കൃഷിക്ക് ഉപയോഗിക്കാവുന്നതാണെന്ന്

സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഗുണഭോക്താവ് വീടും സ്ഥലവും ഒരുമിച്ചു വാങ്ങുന്നപക്ഷം ഭവനത്തിന്റെ വിസ്തൃതി 400 ചതുരശ്ര അടി മതിയെന്നുമുള്ള ഭേദഗതി പദ്ധതി മാർഗ്ഗരേഖയിൽ വരുത്തിയിട്ടുണ്ടെന്നും ഭൂമിയുടെ രജിസ്ട്രേഷൻ ചാർജ്ജും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പുനർഗേഹം പദ്ധതി പ്രകാരം അപ്പീൽ അപേക്ഷകൾ ഉൾപ്പെടെ 21220 ഗുണഭോക്താക്കളുണ്ട്. സുരക്ഷിത മേഖലയിൽ മാറി താമസിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ളതിൽ 4200 കുടുംബങ്ങൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയും 3472 കുടുംബങ്ങൾ രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുകയാണെന്നും മുട്ടത്തറ, വലിയതുറ, കടകംപള്ളി, കാരോട് എന്നിവിടങ്ങളിലായി 312 ഫ്ലാറ്റുകളുടെ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണെന്നും ശേഷിക്കുന്നവരുടെ പുനരധിവാസം ഉറപ്പാക്കാൻ തീരദേശ ജില്ലകളിൽ 76.92 ഏക്കർ ഭൂമി കണ്ടെത്തി നടപടി സ്വീകരിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. കടകംപള്ളി വില്ലേജിൽ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് സോഷ്യൽ സർവ്വീസ് സൊസൈറ്റി കൈമാറിയ

രണ്ടേക്കർ ഭൂമിയിൽ 168 ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. കായലുകളിലെ പോളപായൽ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

14 (*65) സ്കൂൾ, കോളേജ് തലങ്ങളിൽ ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ് (എഫ്.ഡി.എസ്.ജെ.) 2022-23 അധ്യയന വർഷം മുതൽ 155 സ്കൂളുകളിലും 48 കോളേജുകളിലും പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും ഈ അധ്യയന വർഷത്തിൽ കൂടുതൽ സ്കൂൾ/കോളേജുകളിൽ ഇത് രൂപീകരിക്കുമെന്നും സഭയെ അറിയിച്ചു. യൂത്ത്/മോഡൽ പാർലമെന്റ് മത്സരങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, ക്യാമ്പുകൾ, ഭരണഘടനാ ദിനാഘോഷ പരിപാടികൾ എന്നിവ എഫ്.ഡി.എസ്.ജെ.-യുടെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. തദ്ദേശ സ്വയംഭരണം, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് സ്റ്റുഡന്റ്സ്

സഭ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ നടത്തിപ്പിനായി സ്കൂൾ/കോളേജുതല സമിതികൾ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻതല സമിതികൾ, എം.എൽ.എ.മാരുടെ നേതൃത്വത്തിൽ മണ്ഡലാടിസ്ഥാനത്തിലുള്ള ഉന്നതതല സമിതി എന്നിവ രൂപീകരിച്ചുവരുന്നതായും മന്ത്രി വ്യക്തമാക്കി. എഫ്.ഡി.എസ്.ജെ.-യിലൂടെ ഭരണഘടനാ മൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് പകർന്ന് നൽകുന്നതിന് ശ്രമിക്കുന്നുവെന്നും അൺഎയ്ഡഡ് സ്കൂൾ/കോളേജുകളിൽ ഫോറം രൂപീകരിക്കുന്ന കാര്യം ആലോചിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.